**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4320** **28-10-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ പുരപ്പുറ സൗരപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിൽ പുരപ്പുറങ്ങളിൽ സൗരപദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര നിലയങ്ങൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ഒന്നാം ഘട്ട 'സൗര' പുരപ്പുറ പദ്ധതിയിലേയ്ക്കായി 5915 അപേക്ഷകൾ ലഭിച്ചു. ഡെവലപ്പർ സർവ്വേയ്ക്ക് ശേഷം കെ.എസ്.ഇ.ബി.യുമായി എഗ്രിമെന്റ് വയ്ക്കാൻ തയ്യാറായത് 14 ഉപഭോക്താക്കളാണ്. (123 കിലോവാട്ട്). ഇതിൽ പണിപൂർത്തിയായത് 10 സൈറ്റുകളിലാണ്. (49 കിലോവാട്ട്). 'സൗര' രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 216 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു (980 കിലോവാട്ട്) അതിൽ 2 സൈറ്റുകളിൽ (7 കിലോവാട്ട്) വർക്ക് പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പദ്ധതി ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ സർക്കാർ ഓഫീസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ എന്നിവയിൽ നടപ്പാക്കിയെന്ന് വിശദമാക്കാമോ; | (ബി) | സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ആകെ അപേക്ഷ ലഭിച്ചത് ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നായിരുന്നു. സർവ്വേ നടത്തിയപ്പോൾ അത് പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമല്ലായിരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ അവശേഷിക്കുന്ന സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപന കെട്ടിടങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | സർക്കാർ/തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്ലാന്റ് സ്ഥാപിക്കാൻ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സർവ്വേ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ